**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1757** **13-02-2025 - ൽ മറുപടിയ്ക്ക്**

**ലൈബ്രറി സെസ് തുകയുടെ വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ഡോ. ആർ. ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്ഥാപനങ്ങൾ വഴി കെട്ടിട ഉടമകളിൽ നിന്ന് പിരിക്കുന്ന ലൈബ്രറി സെസ് വഴി പ്രതിവർഷം എത്ര രൂപയാണ് ലഭിക്കുന്നത്; എന്ന് മുതലാണ് ലൈബ്രറി സെസ് ഏർപ്പെടുത്തിയത്; ഇതിനായി ഉത്തരവ് ഇറക്കാൻ ശിപാർശ നൽകിയത് ഉന്നത വിദ്യാഭ്യാസ വകുപ്പാണോ; | (എ) | പ്രതിവർഷം ശരാശരി നാൽപത് കോടി രൂപ ലഭിക്കുന്നുണ്ട്. 1989 ലെ കേരള പബ്ലിക് ലൈബ്രറീസ് (കേരള ഗ്രന്ഥശാലാ സംഘം)ആക്ട്, സെക്ഷൻ 48 അനുസരിച്ചാണ് ലൈബ്രറി സെസ് 1996 മുതൽ ഏർപ്പെടുത്തിയത്. |
| (ബി) | പ്രസ്തുത സെസ് ഏർപ്പെടുത്തിയ കാലം മുതൽ ഇതു വരെ എത്ര തുക ഈയിനത്തിൽ ലഭിച്ചിട്ടുണ്ട്; എത്ര ലൈബ്രറികൾക്കായിട്ടാണ് ഈ തുക പ്രയോജനപ്പെടുത്തുന്നത്; ഈ ലൈബ്രറികളെല്ലാം സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ളവയാണോ; ഈ തുക ലൈബ്രറിയുടെ ഏതെല്ലാം പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തണമെന്ന് വ്യവസ്ഥയുണ്ടോ; | (ബി) | ലൈബ്രറി സെസിനത്തിൽ ഓരോ വർഷവും ലഭിച്ച തുക അനുബന്ധം (1) ആയി ചേർക്കുന്നു.<br><br>ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള 8300 ലൈബ്രറികൾക്ക് ടി തുക പ്രയോജനപ്പെടുന്നുണ്ട്. ലൈബ്രറി സെസിനത്തിൽ ലഭിക്കുന്ന തുക ലൈബ്രറികളുടെ വാർഷിക ഗ്രാന്റ്, ലൈബ്രേറിയൻ അലവൻസ്, ലൈബ്രറി പ്രവർത്തന ഗ്രാന്റ് ,ഫെസ്റ്റിവെൽ അലവൻസ്, കെട്ടിട ഗ്രാന്റ്, വനിതാ വയോജന പുസ്തക വിതരണ പദ്ധതി, ലൈബ്രറി സോഫ്റ്റ് വെയർ, വായനോത്സവം, താലൂക്ക് റഫറൻസ് ലൈബ്രറി, ദുരിതാശ്വാസ ഗ്രാന്റ്, പുനരുദ്ധാരണ ഗ്രാന്റ്, ട്രൈബൽ ലൈബ്രറി, ബാലവേദി, വനിതാവേദി, ജില്ലാ-താലൂക്ക് ലൈബ്രറി, കുട്ടികളുടെ സ്റ്റേറ്റ് ലൈബ്രറി, വിമുക്തി, പ്രതിഭാതീരം, വീട്ടിലേയ്ക്ക് ഒരു പുസ്തകം, ദിശ, ജില്ലാ പദ്ധതി എന്നീ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുണ്ട്. പുസ്തക ഗ്രാന്റ് നൽകുന്നതിനായി 14 കോടി രൂപയും ലൈബ്രേറിയൻ അലവൻസ് നൽകുന്നതിനായി 39 കോടി രൂപയും ഒരു വർഷം ചെലവഴിക്കുന്നുണ്ട്. |
| (സി) | ഈ തുക ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്നുണ്ടോ; എത്ര തുകയാണ് പ്രതിവർഷം കൗൺസിലിനായി നീക്കിവയ്ക്കുന്നത്; ലൈബ്രറി കൗൺസിലിലെ അംഗങ്ങളുടെ ഓണറേറിയം എത്രയാണ്; | (സി) | ഉണ്ട്. 77 താലൂക്ക് ലൈബ്രറി കൗൺസിലിന്റേയും 14 ജില്ലാ ലൈബ്രറി കൗൺസിലിന്റേയും സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റേയും ആകെ പ്രവർത്തനങ്ങൾക്കായി 2024-25 വർഷം 5,15,00,000/- രൂപ നീക്കി വെച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സ്റ്റേറ്റ് - ജില്ലാ - താലൂക്ക് കൗൺസിലുകളിലെ ഭാരവാഹികളുടെ അലവൻസ് അനുബന്ധം (2) ആയി ചേർക്കുന്നു.<br><br>കൗൺസിൽ അംഗങ്ങൾക്ക് ഓണറേറിയം ഇല്ല. കമ്മിറ്റി ചേരുമ്പോൾ സിറ്റിംഗ് ഫീസ് മാത്രമാണ് അനുവദിക്കുന്നത്. |
| (ഡി) | ലൈബ്രറി കൗൺസിലിന്റെ താലൂക്ക്, ജില്ലാ, സംസ്ഥാന ഓഫീസുകളിലായി എത്ര ജീവനക്കാരാണ് സ്ഥിരവും താൽക്കാലികവുമായി ജോലി ചെയ്യുന്നത്; ഇവർക്കു ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകാൻ പണം കണ്ടെത്തുന്നത് സംസ്ഥാന സർക്കാർ നൽകുന്ന വിഹിതത്തിൽ നിന്നാണോ; ഈ തുക ലൈബ്രറി സെസ് വഴിയാണോ കണ്ടെത്തുന്നത്; വിശദമാക്കാമോ? | (ഡി) | <u>സംസ്ഥാന ലൈബ്രറി കൗൺസിൽ ഓഫീസ്</u><br><br>സ്ഥിരം ജീവനക്കാർ - 21<br><br>താത്കാലിക ജീവനക്കാർ - 2<br><br><u>ജില്ലാ ലൈബ്രറി കൗൺസിൽ ഓഫീസ്</u><br><br>സ്ഥിരം ജീവനക്കാർ - 31<br><br>താത്കാലിക ജീവനക്കാർ - 11<br><br><u>താലൂക്ക് ലൈബ്രറി കൗൺസിൽ ഓഫീസ്</u><br><br>സ്ഥിരം ജീവനക്കാർ - 31<br><br>താത്കാലിക ജീവനക്കാർ - 46<br><br>ഇവർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നത് സർക്കാർ ഗ്രാന്റിൽ നിന്നാണ്, ലൈബ്രറി സെസ് വഴി അല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

**LIBRARY CESS**

| Sl.No. | Fin/Yr | Cess Collection | Remarks |
|---|---|---|---|
| **1** | **1995-96** | **2,30,280.45** | |
| **2** | **1996-97** | **1,33,90,715.25** | |
| **3** | **1997-98** | **2,14,33,315.85** | |
| **4** | **1998-99** | **1,62,20,343.65** | |
| **5** | **1999-00** | **2,63,03,195.80** | |
| **6** | **2000-01** | **1,98,46,091.80** | |
| **7** | **2001-02** | **1,93,85,847.25** | |
| **8** | **2002-03** | **2,34,31,321.50** | |
| **9** | **2003-04** | **4,25,49,319.30** | |
| **10** | **2004-05** | **3,11,79,956.50** | |
| **11** | **2005-06** | **6,91,94,480.00** | |
| **12** | **2006-07** | **6,36,88,983.00** | |
| **13** | **2007-08** | **8,70,21,337.00** | |
| **14** | **2008-09** | **9,14,87,492.00** | |
| **15** | **2009-10** | **10,65,88,701.00** | |
| **16** | **2010-11** | **10,33,14,998.00** | |
| **17** | **2011-12** | **17,27,35,123.00** | |
| **18** | **2012-13** | **13,35,11,650.00** | |
| **19** | **2013-14** | **13,16,14,995.00** | |
| **20** | **2014-15** | **17,48,68,531.00** | |
| **21** | **2015-16** | **22,09,24,958.00** | |
| **22** | **2016-17** | **24,81,42,731.00** | |
| **23** | **2017-18** | **36,24,53,360.50** | |
| **24** | **2018-19** | **39,64,60,136.00** | |
| **25** | **2019-20** | **50,16,27,677.00** | |
| **26** | **2020-21** | **38,01,21,679.00** | |
| **27** | **2021-22** | **39,36,20,779.00** | |
| **28** | **2022-23** | **46,40,52,206.00** | |
| **29** | **2023-24** | **48,11,83,530.00** | |
| **30** | **2024-25** | **55,89,81,667.00** | |
| **Total Cess Collection** | | **5,35,55,65,400.85** | |

## അനുബന്ധം 2

### സ്റ്റേറ്റ് - ജില്ലാ - താലൂക്ക് കൗൺസിലുകളിലെ ഭാരവാഹികളുടെ അലവൻസ് ചുവടെ ചേർക്കുന്നു

| ഭാരവാഹികൾ | സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ | ജില്ലാ ലൈബ്രറി കൗൺസിൽ | താലൂക്ക് ലൈബ്രറി കൗൺസിൽ |
|---|---|---|---|
| പ്രസിഡന്റ് | 12000 | 4000 | 2400 |
| വൈസ് പ്രസിഡന്റ് | 7800 | 1200 | 780 |
| സെക്രട്ടറി | 24000 | 7500 | 5100 |
| ജോയിന്റ് സെക്രട്ടറി | 7800 | 1200 | 780 |
| ഗ്രന്ഥാലോകം എഡിറ്റർ | 9600 | - | - |
| സിറ്റിംഗ് ഫീസ് | 1000 | 350 | 250 |